## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2810** **17.06.2019-ൽ മറുപടിക്ക്**

## ബാലവേല നിർത്തലാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | (എ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് ശക്തമായ ഇടപെടൽ സർക്കാർ നടത്തി വരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികളോടൊപ്പം എത്തുന്ന കുട്ടികൾ ചില മേഖലകളിൽ കുറച്ച് കാലത്തേയ്ക്ക് മാത്രം ജോലി ചെയ്യുകയും തിരികെ പോവുകയും ചെയ്യുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാലവേല കണ്ടെത്തുന്നതിനായി ജില്ലാ ലേബർ ഓഫീസറും അസിസ്റ്റന്റ് ലേബർ ഓഫീസർമാരും സ്ഥാപനങ്ങൾ പരിശോധിക്കുകയും നിയമ ലംഘനങ്ങൾക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. The Child & Adolescent Labour (Prohibition & Regulation) Act, 1986 ലെ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുന്നതിന് പരിശോധനകൾ വ്യാപകമാക്കി വരുന്നു. |
| (ബി) 14 വയസ്സിന് താഴെയുള്ള കുട്ടികൾ പലഹാര നിർമ്മാണസ്ഥാപനങ്ങളിലും മിഠായി നിർമ്മാണ ഫാക്ടറികളിലും തൊഴിലെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും ഉണ്ട്. ശ്രദ്ധയിൽപ്പെട്ട പ്രകാരം 2019 ൽ കോട്ടയം ജില്ലയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) 2019 ൽ ഇത്തരം കേസുകളിൽ എത്ര പേർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചു; | |

| | |
|---|---|
| (ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം പ്രോസിക്യൂഷൻ നടപടി സ്വീകരിച്ച ഏതെങ്കിലും വ്യക്തികളെ 1986 ലെ ബാലവേല (നിരോധനവും, നിയന്ത്രണവും) നിയമപ്രകാരം ശിക്ഷിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ആലപ്പുഴ ജില്ലാ ലേബർ . ഓഫീസറുടെ പരിധിയിൽവരുന്ന കായംകുളം അസിസ്റ്റന്റ് ലേബർ ഓഫീസറുടെ അധികാര പരിധിയിൽ 2018-ൽ കണ്ടെത്തിയ ബാലവേല സംബന്ധിച്ച കേസ് ഹരിപ്പാട് ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ തുടർന്നുവരുന്നു.<br><br>കോട്ടയം ജില്ലയിൽ ബാലവേല നടക്കുന്നതായി 28.06.2018-ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ പരിശോധന നടത്തുകയും അജാദ് ഹർമുദ്ദീൻ എന്ന ബാലനെ ജോലി ചെയ്യിപ്പിക്കുന്നതായി കണ്ടെത്തി ബാലനെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് കോട്ടയം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മുമ്പാകെ കേസ് ഫയൽ ചെയ്യുകയും കോൺട്രാക്ടർ ശ്രീ.ഗ്രീഷ് മോൻ ജോസഫ് എന്ന വ്യക്തിക്ക് 20,000/- രൂപ മാത്രം കോടതി പിഴ ചുമത്തിയിട്ടുള്ളതുമാണ്.<br><br>കോഴിക്കോട് ജില്ലയിൽ 2018-ൽ രണ്ട് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 29.09.2016 തീയതിയിൽ ഒരു പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്റെ വിചാരണ ഇപ്പോഴും നടന്നു കൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിൽ ടി നിയമപ്രകാരം 2016 നവംബറിൽ ഒരു കേസിൽ ശിക്ഷയായി 20,000/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ